"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - 2025 ആഗസ്റ്റ് 15 ന് ന്യൂഡൽഹിയിൽ നടക്കുന്ന സ്വാതന്ത്ര്യ ദിനാഘോഷത്തിൽ പങ്കെടുക്കുന്നതിന് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, അവരുടെ ജീവിതപങ്കാളികൾ, നോഡൽ ഓഫീസർ എന്നിവർക്ക് യാത്രാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം.)വകുപ്പ്**

സ.ഉ.(സാധാ) നം.1994/2025/LSGD തീയതി,തിരുവനന്തപുരം, 12-08-2025

---

പരാമർശം:-

1. കേന്ദ്ര പഞ്ചായത്തി രാജ് മന്ത്രാലയത്തിന്റെ 28/05/2025 തീയതിയിലെ J-11011/11/2025/Media നമ്പർ കത്ത്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16.07.2025 തീയതിയിലെ LSGD/PD/17074/2025-GEB4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2025 ആഗസ്റ്റ് 15 ന് ന്യൂഡൽഹിയിൽ നടക്കുന്ന സ്വതന്ത്ര ദിനാഘോഷത്തിന്റെ ഭാഗമായി സംസ്ഥാനങ്ങളിൽ നിന്നുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ ജനപ്രതിനിധികളേയും അവരുടെ ജീവിത പങ്കാളിമാരേയും പങ്കെടുപ്പിക്കുന്നത് സംബന്ധിച്ച് പരാമർശം (1)പ്രകാരം ക്ഷണം ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്ന ജനപ്രതിനിധികൾക്കും അവരുടെ ജീവിത പങ്കാളിമാർക്കും ന്യൂഡൽഹിയിൽ പോയി വരുന്നതിന് വിമാന യാത്രചെലവിനുള്ള തുക അവർ പ്രതിനിധാനം ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തനതു ഫണ്ട് /ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും, നോഡൽ ഓഫീസറുടെ യാത്രാചെലവ് RGSA <u>PMU Expense</u> നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നവരുടെ പേര് വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | പേര് | തദ്ദേശ സ്ഥാപനങ്ങൾ | തസ്തിക | ജീവിത പങ്കാളിയുടെ പേര് |
|---|---|---|---|---|
| 1 | ശ്രീ.ഗോപകുമാർ.എം | പ്രിൻസിപ്പൽ ഡയറക്ടറേറ്റ് | സീനിയർ സൂപ്രണ്ടന്റ് | |
| 2 | ഡോ.സി.ഉണ്ണികൃഷ്ണൻ | വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത് | പ്രസിഡന്റ് | ശ്രീമതി.ലേഖ.ജി.നായർ |
| 3 | ശ്രീ.എ.ഡി.ദിനേഷ് കുമാർ | കവിയൂർ ഗ്രാമ പഞ്ചായത്ത് | പ്രസിഡന്റ് | ശ്രീമതി.ഉഷാകുമാരി.കെ.ആർ |
| 4 | ശ്രീ.ശിവദാസൻ.പി.എസ് | പട്ടാഞ്ചേരി ഗ്രാമ പഞ്ചായത്ത് | പ്രസിഡന്റ് | ശ്രീമതി.പ്രീത.പി.ജി |
| 5 | അഡ്വ.ഷാരുതി | ഒളവണ്ണ ഗ്രാമപഞ്ചായത്ത് | പ്രസിഡന്റ് | ശ്രീ.സുർജിത് |
| 6 | ശ്രീമതി.ജയ.കെ | പാലക്കുഴ ഗ്രാമപഞ്ചായത്ത് | പ്രസിഡന്റ് | |

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2025 ആഗസ്റ്റ് 15 ന് ന്യൂഡൽഹിയിൽ നടക്കുന്ന സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള അഞ്ച് ജനപ്രതിനിധികൾക്കും അവരുടെ ജീവിതപങ്കാളികൾക്കും നോഡൽ ഓഫീസർക്കും പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നതിന് വിമാനയാത്രനുമതി നൽകുന്നതിനോടൊപ്പം ജനപ്രതിനിധികൾക്കും അവരുടെ ജീവിതപങ്കാളികൾക്കുമുള്ള യാത്രാചെലവിനത്തിലുള്ള തുക അവർ പ്രതിനിധാനം ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ട് /ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും നോഡൽ ഓഫിസറുടെ യാത്രചെലവ് RGSA PMU Expense ൽ ചെലവഴിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ / ജനപ്രതിനിധി (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തിരം )
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷലൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ [LSGD EM1/160/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 12-08-2025 10:57:37
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎ.യ്ക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ പിഎ.യ്ക്ക്